**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം — കൊല്ലം നഗരസഭയിലെ സീനിയർ ക്ലർക്കുമാരായ ശ്രീ.ബിജു ഫ്രാൻസിസ്, ശ്രീ. ചന്ദ്രസേനൻ നായർ, ശ്രീ. സജീവൻ ജി, ശ്രീമതി. എസ്.ഷീബ എന്നിവരുടെ മുൻകാലസേവനകാലം ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള അപേക്ഷയിൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 395/2018/തസ്വഭവ                തീയതി, തിരുവനന്തപുരം, 08.02.2018

---

പരാമർശം :

9. 13/04/1987 ലെജി.ഒ.(എം.എസ്) നം.162/87/ തസ്വഭവ
10. 07/06/89 ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ
11. 12/9/06 ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ
12. നഗരകാര്യഡയറക്ടറുടെ 24.11.2017 തീയതിയിലെ ഇ 3-9249/17 നം. കത്ത്.

## <u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊല്ലം നഗരസഭയിലെ സീനിയർ ക്ലർക്കുമാരായ ശ്രീ.ബിജു ഫ്രാൻസിസ്, ശ്രീ. ചന്ദ്രസേനൻ നായർ, ശ്രീ. സജീവൻ ജി, ശ്രീമതി. എസ്.ഷീബ എന്നിവരുടെ മുൻകാലസേവനകാലം ആനുകൂല്യങ്ങൾക്ക് പരിഗണിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. ശ്രീ.ബിജു ഫ്രാൻസിസ് 16.09.1999 മുതൽ 26.08.2003 വരെ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിക്കുകയും പിന്നീട് 19.02.2003 ന് മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.സി/ബി.സി ആയി ജോലിയിൽ പ്രവേശിച്ച് നിലവിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്നതായും, ശ്രീ. ചന്ദ്രസേനൻ നായർ 20.10.2000 മുതൽ 18.07.2002 വരെ പട്ടികവർഗ്ഗവികസന വകുപ്പിൽ വാച്ച്മാനായും 19.07.2002 മുതൽ 29.11.2004 വരെ കേരളാ ഫോറസ്റ്റ് വകുപ്പിൽ ഫോറസ്റ്റ് ഗാർഡായും സേവനമനുഷ്ഠിക്കുകയും പിന്നീട് 30.11.2004 ന് മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.സി/ബി.സി ആയി ജോലിയിൽ പ്രവേശിച്ച് നിലവിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്നതായും ശ്രീമതി. എസ്.ഷീബ 18.10.2000 മുതൽ 11.12.2002 വരെ പൊതുമരാമത്ത് വകുപ്പിൽ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിക്കുകയും പിന്നീട് 12.02.2002

മുതൽ 22.08.2003 വരെ ന് മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.ടൈപ്പിസ്റ്റ് ആയും തുടർന്ന് 23.08.2003 മുതൽ മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.സി/ബി.സി ആയി ജോലിയിൽ പ്രവേശിച്ച് നിലവിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്നതായും ശ്രീ. സജീവൻ ജി 01.01.2003 മുതൽ 04.09.2003 വരെ കേരളാ ഫോറസ്റ്റ് വകുപ്പിൽ ഫോറസ്റ്റ് ഗാർഡായും സേവനമനുഷ്ഠിക്കുകയും പിന്നീട് 05.09.2003 ന് മുനിസിപ്പൽ കോമൺസർവ്വീസിൽ എൽ.ഡി.സി/ബി.സി ആയി ജോലിയിൽ പ്രവേശിച്ച് നിലവിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്നതായും നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1ലെ ഉത്തരവിനു പ്രാബല്യം 31.3.1984 മുതൽ 11.09.2006 വരെ ആയതിനാലും, ശ്രീ.ബിജു ഫ്രാൻസിസ്, ശ്രീ. ചന്ദ്രസേനൻ നായർ, ശ്രീ. സജീവൻ ജി, ശ്രീമതി. എസ്.ഷീബ എന്നിവർ ടി കാലയളവിൽ സർക്കാർ സർവീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിച്ചതിനാലും ടി ജീവനക്കാരുടെ സർക്കാർ വകുപ്പുകളിലെ മുൻ സേവനകാലം മുനിസിപ്പൽ കോമൺ സർവീസിൽ സേവന ആനുകൂല്യങ്ങൾക്ക് പരിഗണിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊല്ലം നഗരസഭ.
ശ്രീ.ബിജു ഫ്രാൻസിസ്, സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ.
ശ്രീ. ചന്ദ്രസേനൻ നായർ, സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ.
ശ്രീ. സജീവൻ ജി, സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ.
ശ്രീമതി. എസ്.ഷീബ, സീനിയർ ക്ലർക്ക്, കൊല്ലം നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ